# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4229 27/06/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

### യൂണിഫോം വിതരണത്തിന് സ്വകാര്യ കമ്പനികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>'' സി. കെ. സദാശിവൻ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. ബി. സത്യൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഈ വർഷം സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; | എ) സംസ്ഥാനത്തെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള മുന്നോക്ക വിഭാഗം ആൺ കുട്ടികൾ ഒഴികെയുള്ള സർക്കാർ/എയിഡഡ് മേഖലയിലെ സ്കൂൾ കുട്ടികൾക്ക് 2 സെറ്റ് യൂണിഫോം സൗജന്യമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്. |
| ബി) ഇതിനായുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; മുൻവർഷം യൂണിഫോം വിതരണം ഏത് ഏജൻസി വഴിയാണ് നടത്തിയത് ; | ബി) ഉണ്ട്. മുൻവർഷത്തിൽ സർക്കാർ സ്കൂളുകളിലെ അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് കേന്ദ്രസർക്കാർ വഴി എസ്സ്.എസ്സ്.എ ക്ക് ലഭിച്ച തുക സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ അർഹതപ്പെട്ട ഒരു വിദ്യാർത്ഥിക്ക് 400 രൂപ നിരക്കിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്കു നൽകുകയും പ്രസ്തുത സ്കൂൾ |

| | | | |
|---|---|---|---|
| | | | കമ്മിറ്റികൾ ഈ തുക ഉപയോഗിച്ച് നേരിട്ട് യൂണിഫോം വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. |
| സി) | ഈ വർഷം യൂണിഫോം വിതരണത്തിന് സ്വകാര്യ കമ്പനികളെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ഈ വർഷം സംസ്ഥാന തലത്തിലെ ആകെ ആവശ്യങ്ങൾ പരിഗണിച്ച് ഇലക്ട്രോണിക് ടെൻഡർ വിളിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ടെൻഡർ വ്യവസ്ഥകൾ പ്രകാരം യോഗ്യതയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ കമ്പനികൾക്കും പങ്കെടുക്കാവുന്നതാണ്. |
| ഡി) | അതിന്റെ ഫലമായി പല സ്കൂളുകളിലും നിലവിലുള്ള യൂണിഫോം തുടരുന്നതിന് തടസ്സം നേരിടും എന്ന കാര്യം അറിയാമോ; | ഡി) | പരിശോധിക്കുന്നതാണ് |
| ഇ) | സൗജന്യ യൂണിഫോം പദ്ധതിയുടെ പരിധിയിലല്ലാത്ത വിദ്യർത്ഥികളെ ഇത് ദോഷകരമായി ബാധിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ ? | ഇ) | ഇല്ല. കേന്ദ്ര സർക്കാർ മാനദണ്ഡം അനുസരിച്ചാണ് യൂണിഫോം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ